ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 24.11.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. മാനവികത, തുല്യത, ആഗോള സഹകരണം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന മാതൃകയാകാൻ ജി-20 രാജ്യങ്ങളോട് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi urges G-20 nations to adopt a model focused on humanity, equality, and global cooperation.**

2. ഇന്ത്യയുടെ 53-ാമത് ചീഫ് ജസ്റ്റിസായി ജസ്റ്റിസ് സൂര്യകാന്ത് ഇന്ന് സത്യപ്രതിജ്ഞ ചെയ്യും.

   **Justice Surya Kant to be sworn in today as the 53rd Chief Justice of India.**

3. തീവ്ര വോട്ടർ പട്ടിക പരിഷ്കരണം രണ്ടാം ഘട്ടത്തിൽ രാജ്യത്ത് 50.47 കോടിയിലധികം എന്യുമറേഷൻ ഫോം വിതരണം ചെയ്തതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ.

   **The Election Commission today said, more than 50 crore 47 lakh enumeration forms have been distributed among**

electors since the launch of Special Intensive Revision Phase -2.

4. കേരളത്തിൽ തദ്ദേശ തെരഞ്ഞെടുപ്പിൽ നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും.

   Deadline for withdrawal of nominations in the Kerala local body elections ends today.

5. സംസ്ഥാനത്ത് വിവിധ ജില്ലകളിൽ അതിശക്തമായ മഴയ്ക്ക് സാധ്യത. ഏഴ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്.

   Very heavy rainfall likely in several districts of the state; yellow alert issued in seven districts. Fishing ban continues today and tomorrow along the Kerala–Lakshadweep coasts.

6. കാഴ്ചപരിമിതർക്കുള്ള പ്രഥമ വനിതാ ലോകകപ്പ് T-20 ക്രിക്കറ്റ് കിരീടം ഇന്ത്യക്ക്. കേൾവി പരിമിതർക്കുള്ള ഡെഫ് ലിമ്പിക്സ്, ഷൂട്ടിംഗിൽ ഇന്ത്യയ്ക്ക് സ്വർണ്ണം.

   India wins the inaugural Women's T20 Cricket World Cup for the visually impaired; India also bags gold in shooting at the Deaflympics.

## G20 SUMMIT CONCLUDES

മാനവികത, തുല്യത, ആഗോള സഹകരണം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഒരു മാതൃകയാകാൻ ജി-20 രാജ്യങ്ങളോട് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. സാങ്കേതികവിദ്യ മനുഷ്യ കേന്ദ്രീകൃതമായിരിക്കണമെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യയുടെ ഡിജിറ്റൽ ആവാസവ്യവസ്ഥ ഈ ദർശനം പിന്തുടരുന്നതായും അദ്ദേഹം പറഞ്ഞു. ജോഹന്നാസ്ബർഗിൽ നടന്ന ജി20 നേതാക്കളുടെ ഉച്ചകോടിയെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. സർവജന ഹിതായ, സർവജന സുഖായ എന്ന പ്രമേയത്തിൽ 2026 ഫെബ്രുവരിയിൽ ഇന്ത്യ എഐ ഇംപാക്ട് ഉച്ചകോടിക്ക് ആതിഥേയത്വം വഹിക്കുമെന്നും പ്രധാനമന്ത്രി അറിയിച്ചു.

## PM MODI IBSA

ജോഹാനസ്ബർഗിൽ നടന്ന ഐബിഎസ്എ നേതാക്കളുടെ യോഗത്തിലും പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുത്തു. ദക്ഷിണാഫ്രിക്കൻ പ്രസിഡൻറ് സിറിൽ റമഫോസ, ബ്രസീൽ പ്രസിഡൻറ് ലൂയിസ് ഇനാസിയോ ലുല ഡ സിൽവ എന്നിവരും യോഗത്തിൽ പങ്കെടുത്തു. AI ഇംപാക്ട് ഉച്ചകോടിയിലേക്ക് IBSA നേതാക്കളെ പ്രധാനമന്ത്രി ക്ഷണിച്ചു. കനേഡിയൻ പ്രസിഡൻറ്, ഇറ്റാലിയൻ

പ്രധാനമന്ത്രി എന്നിവരുമായും പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തി.

## PREZ-CJI

ഇന്ത്യയുടെ 53-ാമത് ചീഫ് ജസ്റ്റിസായി ജസ്റ്റിസ് സൂര്യകാന്ത് ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. രാഷ്ട്രപതി ഭവനിൽ നടക്കുന്ന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപതി മുർമു ജസ്റ്റിസ് സൂര്യകാന്തിന് സത്യവാചകം ചൊല്ലിക്കൊടുക്കും. ഇന്നലെ സ്ഥാനമൊഴിഞ്ഞ ജസ്റ്റിസ് ബി ആർ ഗവായിയുടെ പിൻഗാമിയായാണ് അദ്ദേഹം ചുമതലയേൽക്കുന്നത്. 2027 ഫെബ്രുവരി 9 വരെയാണ് പുതിയ ചീഫ് ജസ്റ്റിസിൻറെ നിയമന കാലാവധി.

## VICE PRESIDENT

സാങ്കേതികവിദ്യ എല്ലാ ദിവസവും വികസിക്കുകയാണെന്നും, ഉയർന്നുവരുന്ന ആവശ്യകതകൾ നിറവേറ്റുന്നതിൽ ഉദ്യോഗസ്ഥർ വൈദഗ്ദ്ധ്യം നേടണമെന്നും ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ. വിവിധ സിവിൽ സർവീസുകളിലെ ഓഫീസർ ട്രെയിനികളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. പുട്ടപർത്തിയിൽ ശ്രീ സത്യസായി ബാബയുടെ ശതാബ്ദി ആഘോഷങ്ങളിലും ഉപരാഷ്ട്രപതി പങ്കെടുത്തു.

## AMIT SHAH

നാർക്കോട്ടിക് കൺട്രോൾ ബ്യൂറോയുടെയും ഡൽഹി പോലീസിൻറെയും നേതൃത്വത്തിൽ ന്യൂഡൽഹിയിൽ 262 കോടി രൂപ വിലമതിക്കുന്ന മയക്കുമരുന്ന് പിടിച്ചെടുത്തതായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. മയക്കുമരുന്ന് രഹിത ഇന്ത്യ എന്ന കാഴ്ചപ്പാട് നിറവേറ്റാൻ വിവിധ ഏജൻസികൾ എങ്ങനെ ഏകോപനത്തോടെ അക്ഷീണം പ്രവർത്തിക്കുന്നു എന്നതിന്റെ മികച്ച ഉദാഹരണമാണ് ഇതെന്ന് അദ്ദേഹം പറഞ്ഞു.

**Editor:KRISHNA.A, Source: NOA, CNRT:SEENA ANTONY, Reader: ASWATHY G S, DEO:SANDHYA RANI G S**

## INDIA-ISRAEL FTA

ഇന്ത്യയും ഇസ്രയേലും തമ്മിലുള്ള നിർദിഷ്ട സ്വതന്ത്ര വ്യാപാര കരാർ രണ്ടു ഘട്ടങ്ങളിലായി നടപ്പാക്കുന്നത് പരിഗണനയിലെന്ന് കേന്ദ്ര വാണിജ്യമന്ത്രി പീയൂഷ് ഗോയൽ. കരാർ നൽകുന്ന ആനുകൂല്യങ്ങൾ ഇരുരാജ്യങ്ങൾക്കും ഗുണകരമാകുമെന്ന് അദ്ദേഹം പറഞ്ഞു. ലോകത്തിന് ഒരു സുഹൃത്തും, വിശ്വസ്ത പങ്കാളിയുമായി ഇന്ത്യ മാറിയെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

## EXPORT PROMOTION MISSION – GUIDELINES

കേന്ദ്ര സർക്കാർ ഈ മാസം പന്ത്രണ്ടിന് അംഗീകാരം നൽകിയ കയറ്റുമതി പ്രോത്സാഹന ദൗത്യം സംബന്ധിച്ച വിശദ മാർഗ്ഗനിർദ്ദേശങ്ങൾ അടുത്തയാഴ്ച പുറത്തിറക്കുമെന്ന് കേന്ദ്രമന്ത്രി പീയൂഷ് ഗോയൽ. അമേരിക്ക ചുമത്തിയ ഉയർന്ന ചുങ്കത്തിന്റെ പശ്ചാത്തലത്തിൽ, കയറ്റുമതിക്കാർക്ക് പിന്തുണ നൽകാനാണ് ദൗത്യം ലക്ഷ്യമിടുന്നത്. 25,060 കോടി രൂപ ചിലവിൽ, ആറ് വർഷത്തേക്കാണ് പദ്ധതി നടപ്പാക്കുക.

## AGRONOMY CONGRESS

ആറാമത് അന്താരാഷ്ട്ര അഗ്രോണമി കോൺഗ്രസിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും. കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിങ് ചൗഹാൻ പരിപാടി ഉദ്ഘാടനം ചെയ്യും. മൂന്ന് ദിവസങ്ങളിലായി നടക്കുന്ന പരിപാടിയിൽലോകത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്നായി ആയിരത്തിലേറെ പ്രതിനിധികൾ പങ്കെടുക്കുമെന്ന് കേന്ദ്ര കൃഷി മന്ത്രാലയം വ്യക്തമാക്കി.

## EC-SIR

തീവ്ര വോട്ടർ പട്ടിക പരിഷ്കരണം രണ്ടാം ഘട്ടത്തിൽ, രാജ്യത്ത് ഇതുവരെ 50.47 കോടിയിലധികം എന്യുമറേഷൻ ഫോം

വിതരണം ചെയ്തതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. ഒൻപത് സംസ്ഥാനങ്ങൾ, മൂന്നു കേന്ദ്രഭരണപ്രദേശങ്ങൾ എന്നിവയെ ഉൾപ്പെടുത്തിയുള്ള രണ്ടാം ഘട്ടത്തിന് ഈ മാസം നാലിനാണ് തുടക്കമായത്. അതേസമയം കേരളത്തിൽ ഡിജിറ്റൈസ് ചെയ്ത ഫോമുകളുടെ എണ്ണം 51 ലക്ഷത്തി 38, 838 ആയി ഉയർന്നതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## KERALA ELECTION (INTRO)

കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള സമയപരിധി ഇന്ന് അവസാനിക്കും. ഉച്ചക്ക് മൂന്ന് വരെ പത്രിക പിൻവലിക്കാം.

വിശദാംശങ്ങളിലേക്ക്......

(ഹോൾഡ് വോയ്സ്.........)

❁❁❁❁❁❁❁❁❁❁❁❁❁

## KERALA ELECTION (VOICE)

നാമനിർദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി അവസാനിക്കുന്നതോടെ സ്ഥാനാർത്ഥി ചിത്രം വ്യക്തമാകും. പ്രിസൈഡിങ് ഉദ്യോഗസ്ഥർക്കും ഫസ്റ്റ് പോളിങ് ഉദ്യോഗസ്ഥർക്കുമുള്ള പരിശീലനം വെള്ളിയാഴ്ച വരെ നടക്കും. തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിലുള്ള

സമ്മതിദായകർക്കുള്ള പോസ്റ്റൽ ബാലറ്റ് വിതരണം ബുധനാഴ്ച ആരംഭിക്കും. അതിനിടെ, തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടവുമായി ബന്ധപ്പെട്ട ഹൈക്കോടതി നിർദ്ദേശം കർശനമായി നടപ്പാക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി. അനനധികൃതമായി സ്ഥാപിച്ചിട്ടുള്ള പ്രചാരണ വസ്തുക്കൾ ബാനറുകൾ, ബോർഡുകൾ, കൊടി-തോരണങ്ങൾ എന്നിവ സംബന്ധിച്ച പരിശോധന ഊർജ്ജിതമാക്കാനും അതിനെതിരെ ശക്തമായ നടപടി സ്വീകരിക്കാനും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് കമ്മീഷൻ നിർദ്ദേശം നൽകി. അടുത്ത മാസം 9, 11 തീയതികളിൽ രണ്ട് ഘട്ടങ്ങളിലായാണ് വോട്ടെടുപ്പ്. ഡിസംബർ 13 ന് വോട്ടെണ്ണൽ നടക്കും. ന്യൂസ് ഡെസ്ക്, ആകാശവാണി.........

❁❁❁❁❁❁❁❁❁❁❁❁❁

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പരിപാടി 'മൻ കീ ബാത്' ഈ മാസം 30-ന് രാവിലെ 11ന്. പരിപാടിയിലേക്കുള്ള ആശയങ്ങളും നിർദ്ദേശങ്ങളും ഈ മാസം 28 വരെ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെ സമർപ്പിക്കാം.

❁❁❁❁❁❁❁❁❁❁❁❁❁

## AYODHYA PM DHWAJA

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ അയോധ്യയിലെ ശ്രീരാമ ജന്മഭൂമി ക്ഷേത്രത്തിൽ ധ്വജാരോഹണ ചടങ്ങിൽ പങ്കെടുക്കും. ക്ഷേത്ര നിർമ്മാണ പ്രവർത്തനങ്ങളുടെ സമാപനം കുറിച്ച് കൊണ്ട് നടത്തുന്ന ചടങ്ങാണ് ഇത്. നാളെ അയോധ്യ നഗരത്തിൽ റോഡ് ഷോയിലും പ്രധാനമന്ത്രി പങ്കെടുക്കും . പ്രധാനമന്ത്രിയുടെ സന്ദർശനത്തോടനുബന്ധിച്ച് അയോധ്യയിൽ സുരക്ഷാ ക്രമീകരണങ്ങൾ കർശനമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

**SABARIMALA (INTRO)**

ശബരിമലയിൽ തിരക്ക് നിയന്ത്രണ വിധേയമായതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് കെ. ജയകുമാർ. മണ്ഡലകാല ആരംഭത്തിൽ അനുഭവപ്പെട്ട തിരക്ക് നിലവിൽ കുറഞ്ഞിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

**PREZ+ TEG BAHADUR – SHAHEEDI DIVAS**

രാജ്യം ഇന്ന് , ഒൻപതാമത്തെ സിഖ് ഗുരുവായ ഗുരു തേജ് ബഹാദൂറിന്റെ , 350-ാം രക്തസാക്ഷിത്വ ദിനമാചരിക്കുന്നു . രാഷ്ട്രപതി ദ്രൗപദി മുർമു അദ്ദേഹത്തിന് ശ്രദ്ധാഞ്ജലി അർപ്പിച്ചു . നീതി, മനുഷ്യത്വം, സത്യം എന്നീ ആദർശങ്ങൾ

ജീവിതത്തിൽ പ്രാവർത്തികമാക്കിയ വ്യക്തിയാണ് ഗുരു തേഗ് ബഹാദുർ ജിയെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു അനുസ്മരിച്ചു .

❁❁❁❁❁❁❁❁❁❁❁❁❁

## RAIN KERALA

കേരളത്തിൽ വിവിധ ജില്ലകളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് തിരുവനന്തപുരം മുതൽ ഇടുക്കി വരെയുള്ള ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതാനിർദേശം നൽകിയിട്ടുണ്ട്. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

❁❁❁❁❁❁❁❁❁❁❁❁❁

## IFFI

56-ാമത് ഇന്ത്യ അന്താരാഷ്ട്ര ചലച്ചിത്രമേളയുടെ അഞ്ചാം ദിനമായ ഇന്ന് തരുൺ മൂർത്തി സംവിധാനം ചെയ്ത മലയാള ചലച്ചിത്രം "തുടരും" പ്രദർശിപ്പിക്കും . ഇന്ത്യൻ പനോരമ വിഭാഗത്തിൽ രാത്രി 8 മണിക്കാണ് പ്രദർശനം. 1927 ൽ പുറത്തിറങ്ങിയ ബാബുറാവു പെയിൻററിൻറെ ക്ലാസിക് ചിത്രം - മുരളിവാല ഇന്നലെ മേളയിൽ പ്രദർശിപ്പിച്ചു. 2027 ൽ ഈ ചിത്രം 100 വർഷം പൂർത്തിയാക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## LABOUR LAWS-REACTION

രാജ്യത്ത് നടപ്പാക്കിയ ലേബർ കോഡ് പരിഷ്ക്കാരങ്ങൾക്ക് വിവിധ ഭാഗങ്ങളിൽ നിന്നുള്ള തൊഴിലാളി സമൂഹത്തിൽ നിന്ന് മികച്ച പ്രതികരണം. ഇന്ത്യയുടെ തൊഴിൽ ശക്തിയെ പരിവർത്തനം ചെയ്യാൻ കഴിയുന്ന ചരിത്രപരമായ നടപടിയാണ് ഇതെന്ന് ട്രേഡ് യൂണിയൻ കോർഡിനേഷൻ സെന്ററിന്റെ ദേശീയ ജനറൽ സെക്രട്ടറി ഷിയോ പ്രസാദ് തിവാരി പ്രതികരിച്ചു.

## NEPAL-WCC

കാഴ്ചപരിമിതർക്കായുള്ള പ്രഥമ വനിതാ ലോകകപ്പ് T-20 ക്രിക്കറ്റ് കിരീടം ഇന്ത്യക്ക്. കൊളംബോയിൽ നടന്ന കലാശപ്പോരാട്ടത്തിൽ നേപ്പാളിനെ ഏഴു വിക്കറ്റിനാണ് ഇന്ത്യ പരാജയപ്പെടുത്തിയത്.

## DEAFLYMPICS

ടോക്കിയോയിൽ കേൾവി പരിമിതർക്കായുള്ള ഡെഫ് ലിമ്പിക്സിൽ, ഷൂട്ടിംഗിലെ 25 മീറ്റർ പിസ്റ്റൾ വിഭാഗത്തിൽ ഇന്ത്യയുടെ അഭിനവ് ദേശ്വാലിന് സ്വർണ്ണം. ഇതോടെ ഇന്ത്യയുടെ മെഡൽ നേട്ടം 15 ആയി .

## MENS CRICKET

ഗുവാഹത്തിയിൽ നടക്കുന്ന ഇന്ത്യ -ദക്ഷിണാഫ്രിക്ക രണ്ടാം ക്രിക്കറ്റ് ടെസ്റ്റിന്റെ മൂന്നാം ദിവസം ഇന്ത്യ ഇന്ന് ഒന്നാം ഇന്നിംഗ്സ് പുനരാരംഭിക്കും. മത്സരം രാവിലെ 9 മണിക്ക് ആരംഭിക്കും. രണ്ടാം ദിനമായ ഇന്നലെ കളി അവസാനിക്കുമ്പോൾ ഇന്ത്യ വിക്കറ്റ് നഷ്ടമില്ലാതെ 9 റൺസ് എടുത്തു. രണ്ട് മത്സര പരമ്പരയിലെ ആദ്യ ടെസ്റ്റിൽ ദക്ഷിണാഫ്രിക്ക ഇന്ത്യയെ 30 റൺസിന് പരാജയപ്പെടുത്തിയിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## US-UKRAINE PEACE PLAN

യുക്രൈനിലെ യുദ്ധം അവസാനിപ്പിക്കുന്നത് ലക്ഷ്യമിട്ടുള്ള കരട് സമാധാനപദ്ധതി ചർച്ചചെയ്യാൻ ജനീവയിൽ ഇന്നലെ ചേർന്ന യോഗത്തിൽ നിർണായക പുരോഗതി കൈവരിച്ചതായി അമേരിക്ക. എന്നാൽ കരാറിലെത്താൻ സാധിച്ചിട്ടില്ലെന്നും യുഎസ് വ്യക്തമാക്കി. അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി മാർകോ റൂബി നേതൃത്വം നൽകിയ ചർച്ചയിൽ അമേരിക്ക, യുക്രൈൻ എന്നിവയ്ക്ക് പുറമെ യുറോപ്യൻ യൂണിയൻ ഉന്നത ഉദ്യോഗസ്ഥരും പങ്കെടുത്തു.

❁❁❁❁❁❁❁❁❁❁❁❁❁

## JK LIMESTONE

ജമ്മു കശ്മീരിലെ ചുണ്ണാമ്പുകല്ല് ധാതു ബ്ലോക്കുകളുടെ ആദ്യ ലേലം ഇന്ന് ജമ്മുവിൽ ഔദ്യോഗികമായി ആരംഭിക്കും. കേന്ദ്ര മന്ത്രി ജി. കിഷൻ റെഡ്ഡി പരിപാടിക്ക് നേതൃത്വം നൽകും . മുഖ്യമന്ത്രി ഒമർ അബ്ദുള്ള ചടങ്ങിൽ പങ്കെടുക്കും. കേന്ദ്ര-സംസ്ഥാന പങ്കാളിത്തത്തിലൂടെ നടപ്പാക്കുന്ന സംരംഭം 2015 ലെ ഖനി-ധാതു ഖനന പരിഷ്കാരങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിൽ സുപ്രധാന ചുവടുവയ്പ്പാണെന്ന് ഖനി മന്ത്രാലയം പറഞ്ഞു.